"ഭരണഭാഷ-മാതൃഭാഷ"

No. DWCD/4116/2024-ICDS B3(2)

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര.തിരുവനന്തപുരം
തീയതി : 04-01-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന് ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - ഡയറക്ടറേറ്റ് - WBNP - 2024-25 Wheat (Pregnant & Lactating) - വിതരണം ചെയ്ത ഗോതമ്പ് ഗുണമേന്മ കുറഞ്ഞത് - സംബന്ധിച്ച്:-

സൂചന:-
1. സാമൂഹ്യ നീതി ഡയറക്ടറുടെ 20.07.2013 ലെ ICDS B3-22157/13 നമ്പർ പരിപത്രം.
2. കേന്ദ്ര സർക്കാരിന്റെ 20.06.2024 ലെ CD-III-17/1/2024-CD.III(e-113128) നമ്പർ കത്ത്.
3. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 08.08.2024 ലെ DWCD/1055/2024-ICDS B3 നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2024-25 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ WBNP പദ്ധതിയിൽ അനുവദിക്കുന്ന ഗോതമ്പ് Pregnant & Lactating ഗുണഭോക്താക്കൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്ത് വരുന്നു. ആയത് FCI കളിൽ നിന്നും Civil Supplies മുഖേന ഏറ്റെടുത്താണ് അങ്കണവാടികളിൽ എത്തിക്കുന്നത് .

എന്നാൽ ചില സ്ഥലങ്ങളിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ഗോതമ്പിൽ മാലിന്യങ്ങൾ കണ്ടെത്തുകയും ആയത് പത്രവാർത്തയ്ക്ക് ഇടയാകുകയും ചെയ്തിരുന്നു. വിതരണത്തിന് എത്തിച്ച ഗോതമ്പിൽ ഗുണനിലവാര പ്രശ്നങ്ങൾ ഉള്ളതായി ചില ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

അങ്കണവാടിയിലെ ഭക്ഷണാവശ്യത്തിനായി വാങ്ങുന്നതും, സിവിൽ സപ്ലൈസ് തുടങ്ങിയ പൊതു സ്ഥാപനങ്ങളിൽ നിന്നും ഏറ്റെടുക്കുന്നതുമായ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം വിവിധ തട്ടുകളിലുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തണം എന്ന് സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രോഗ്രാം ഓഫീസർ, CDPO, ICDS Supervisor എന്നിവർ സൂചന (1) പരിപത്രത്തിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുകയും അങ്കണവാടിയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾ ഗുണമേന്മയും ശുചിത്വവും ഉള്ളതും പരാതിയ്ക്കിടയാകാത്തതുമാകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഗുണനിലവാരമില്ലാത്ത ഭക്ഷണ സാധനങ്ങൾ, FCI / Supplyco യുമായി ബന്ധപ്പെട്ട് ആയതു മാറ്റി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ ഗുണമേന്മയും

ശുചിത്വമുള്ളതാണെന്ന് ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണെന്ന് നിർദേശിക്കുന്നു .

വിശ്വസ്തതയോടെ,

for വനിത ശിശു വികസന ഡയറക്ടർ

സോഫി ജേക്കബ്
അസിസ്റ്റന്റ് ഡയറക്ടർ
പെൻ നമ്പർ-457974
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012

ഉള്ളടക്കം

സൂചന പരിപത്രം

പകർപ്പ്

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

നം:ICDS.B3-22157/13

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി 20-07-2013

## പരിപത്രം

വിഷയം :- സാമൂഹ്യ നീതി വകുപ്പ് -ICDS അങ്കണവാടി ഭക്ഷണം - മുൻകരുതൽ നടപടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-

സംസ്ഥാനത്തെ 33115 അങ്കണവാടി കേന്ദ്രങ്ങളിലൂടെ 6 മാസത്തിനും 5 വയസ്സിനുമിടയ്ക്ക് പ്രായമുള്ള എട്ടുലക്ഷത്തിലധികം വരുന്നതായ കുഞ്ഞുങ്ങൾക്ക് ഭക്ഷണം വിതരണം നടന്നുവരുന്നു. വളരെ ചെറിയ കുട്ടികൾക്ക് നൽകുന്ന ഭക്ഷണ ത്തിലൂടെ അപകടങ്ങൾ ഒഴിവാക്കുവാൻ വേണ്ടതായ ജാഗ്രത ഉണ്ടാകണം. സാമൂഹിക നീതി വകുപ്പിന്റെ എല്ലാതലത്തിലുമുള്ള ഉദ്യോഗസ്ഥർ വേണ്ടത്ര ശ്രദ്ധയും മുൻകരുതലും സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. മുൻകരുതലിനും ജാഗ്രതയ്ക്കും വേണ്ടതായ ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) അങ്കണവാടിയിലെ ഭക്ഷണാവശ്യത്തിനായി വാങ്ങുന്നതും, സിവിൽ സപ്ളൈസ് തുടങ്ങിയ പൊതു സ്ഥാപനങ്ങളിൽ നിന്നും ഏറ്റെടുക്കുന്ന തുമായ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം, വിവിധ തട്ടുകളിലുള്ള ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം.
2) WBNP അരി/ഗോതമ്പ് എന്നിവയുടെ FCIതല പരിശോധന, സാമ്പിൾ ശേ ഖരണം എന്നിവ ജില്ലാതല പ്രോഗ്രാം ഓഫീസർമാർ നടത്തിയിരിക്കണം. ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം കഴിയുന്നതുവരെ ശേഖരിക്കുന്ന സാമ്പിളുകൾ സൂക്ഷിക്കണം.
3) സിവിൽ സപ്ളൈസ് കോർപ്പറേഷനിൽ ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ ശേഖരണം, പരിശോധന എന്നിവ ശിശുവികസന പദ്ധതി ഓഫീസർ ചെയ്യേണ്ടതാണ്.
4) മാവേലി സ്റ്റോറുകളിൽ നിന്നുള്ള സാമ്പിൾ ശേഖരണം/പരിശോധന പഞ്ചായത്തുതല ചുമതലയുള്ള ഐസിഡിഎസ് സൂപ്പർവൈസർ ചെയ്യേണ്ടതാണ്.
5) സംസ്ഥാനത്തെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്ന THRS ആയ അമൃതം ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതത്തിന്റെ ഗുണ നിലവാരം നിലവിലുള്ള ലാബ് പരിശോധനയിലൂടെ ഉറപ്പു വരുത്തണം.

k/20/6/13

6) ലാബ് പരിശോധനയ്ക്കൊപ്പം തന്നെ വിതരണ സമയത്ത് ഭക്ഷ്യമിശ്രിതത്തിന്റെ പായ്ക്കറ്റ് ബാഹ്യപരിശോധനയ്ക്ക് വിധേയമാക്കി നൽകുവാൻ അങ്കണവാടി പ്രവർത്തകരെ ബോധവൽക്കരിക്കേണ്ടതാണ്.

7) കേടായ ഭക്ഷ്യവസ്തുക്കൾ അംഗൻവാടികളിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ നിയമാനുസരണം നശിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

8) അങ്കണവാടിയിലെ ഭക്ഷണം പാചകം ചെയ്യുന്നതിൽ ഏറ്റവും ഉയർന്ന വ്യക്തി ശുചിത്വം പാലിക്കുവാൻ ശ്രദ്ധിയ്ക്കണം.

9) പാചകാവശ്യത്തിന് ഉപയോഗിക്കുന്ന പാത്രങ്ങൾ, ഭക്ഷ്യവസ്തുക്കൾ, വെള്ളം, ഭക്ഷണം വിളമ്പുന്ന പാത്രങ്ങൾ, അടുക്കള, പരിസരം എന്നിവ സമ്പൂർണ്ണമായും ശുചിത്വമുള്ളവയായിരിക്കണം.

10) സാമൂഹിക നീതി വകുപ്പിലെ, വിവിധ തട്ടുകളിലെ ഉദ്യോഗസ്ഥന്മാർ, പ്രത്യേകിച്ചും സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായിട്ടുള്ള ഉദ്യോഗസ്ഥർ നിർബന്ധമായും അങ്കണവാടികളിലെ ഭക്ഷണം പാചകം ചെയ്യുന്നതിലുള്ള ശുചിത്വം പരിശോധിച്ചിരിക്കണം.

11) അപാകതകൾ കാണുന്ന പക്ഷം അവ പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്വം പരിശോധന നടത്തുന്ന ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

ഗുണനിലവാരമുള്ളതും, ശുചിയായും, വൃത്തിയായും പാകംചെയ്ത് നൽകുന്നു എന്നും, സൂപ്പർവൈസർമാർ, സിഡിപിഒമാർ, പ്രോഗ്രാം ഓഫീസർ എന്നിവർ ഉറപ്പു വരുത്തേണ്ടതാണ്. ടി ആഫീസർമാർ ഇക്കാര്യത്തിൽ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

2) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

k/20/6/13